ഭരണഭാഷ – മാതൃഭാഷ

നം.70/ഇ 1/2024/ജി.എച്ച്.എം.സി.റ്റി

ഗവ.ഹോമിയോപതിക് മെഡിക്കൽ കോളേജ്,
ഐരാണിമുട്ടം, തിരുവനന്തപുരം
ഫോൺ നം.0471- 2459459
ഇ-മെയിൽ :<> pcodhme@gmail.com
തീയതി : 12-08-2024

## അനുബന്ധം എച്ച് 4 നോട്ടീസ്

തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ (സോഷ്യൽ & പ്രിവന്റീവ് മെഡിസിൻ) വിഭാഗം ട്യൂട്ടറായ ഡോ. എൻ. സുസ്മിത എന്ന താങ്കൾക്ക് താങ്കളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് ജി.ഒ. (ആർ. റ്റി.) നം. 1108/01/ആ.ക.വ. തീയതി, 19-4-2001 പ്രകാരം **01-06-2001 മുതൽ 5 വർഷത്തേക്കും**, ജി.ഒ. (ആർ.റ്റി.) നം. 1344/06/ആ.ക.വ, തീയതി, 4-5-2006 പ്രകാരം **1-6-2006 മുതൽ 5 വർഷത്തേക്കും** കേരള സർവ്വീസ് റൂൾസ് പാർട്ട് 1, അപ്പെൻഡിക്സ് XII എ ബാധകമാക്കികൊണ്ട് വിദേശത്ത് ജോലി ചെയ്യുന്നതിന് ശൂന്യ വേതനാവധി അനുവദിച്ചിരുന്നു. താങ്കളുടെ 9-6-2011 ലെ അപേക്ഷ പ്രകാരം പ്രസ്തുത ശൂന്യ വേതനാവധി **01-06-2011 മുതൽ 5 വർഷത്തേക്കുകൂടി** നീട്ടി നൽകികൊണ്ട് ജി.ഒ. (ആർ.റ്റി.) നം. 1339/2012/ആ.ക.വ, തീയതി, 17-4-2012 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ശൂന്യവേതനാവധി അവസാനിക്കുന്ന 31-5-2016 ന ശേഷം താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കുകയോ, ലീവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ആയത് താങ്കളുടെ ഭാഗത്ത് നിന്നുള്ള നിരുത്തരവാദിത്വവും ഗുരുതരവുമായ ഔദ്യോഗിക കൃത്യവിലോപവുമായി കാണുന്നു. 1960 ലെ KCS (CC&A) റൂൾ പ്രകാരം അച്ചടക്ക നടപടി എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ താങ്കൾക്ക് സൂചന (3) പ്രകാരം ചാർജ് മെമ്മോ അയച്ചിരുന്നു. എന്നാൽ മേൽ വിലാസക്കാരൻ ഇന്ത്യയ്ക്ക് പുറത്തായതിനാൽ മടക്കുന്നു എന്ന കുറിപ്പോടെ കത്തുകൾ മടങ്ങുകയാണുണ്ടായത്. സൂചന (4) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് പ്രത്യേക ദൂതൻ മുഖേന താങ്കളുടെ വസതിയിൽ പതിപ്പിച്ചിരുന്നു. അനുവദിച്ചിരുന്ന നിശ്ചിത സമയത്തിനുള്ളിൽ താങ്കളുടെ ഭാഗത്തുനിന്നും വിശദീകരണം ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ KSR Appendix XII B യുടെ Para VI പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും നീക്കുവാൻ താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനത്തിനെതിരെ എന്തെങ്കിലും താങ്കൾക്ക് ബോധിപ്പിക്കാനുണ്ടെങ്കിൽ ഈ പരസ്യം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 15 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്. അല്ലാത്ത പക്ഷം, താങ്കൾക്ക് ഇക്കാര്യത്തിൽ ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ അന്തിമ നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ
സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്
തിരുവനന്തപുരം